ഉത്തരം

(എ) ജില്ലാ കളക്ടറുടെ ഫണ്ടും വാട്ടർ അതോറിറ്റിയുടെ മെയിന്റനൻസ് ഫണ്ടും ഉപയോഗിച്ച് താൽക്കാലിക തടയണകൾ കെട്ടി സ്രോതസ്സ് ശക്തിപ്പെടുത്തുകയും അധിക പമ്പിംഗ് ഏർപ്പെടുത്തിയും പൈപ്പിലെ ലീക്കുകൾ മാറ്റിയും പമ്പ് സെറ്റുകൾ റിപ്പയർ ചെയ്തും വാൽവുകൾ ക്രമീകരിച്ചും ശുദ്ധജലക്ഷാമം പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പഞ്ചായത്തുകൾക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും നേരിട്ട് തുക അനുവദിക്കാറില്ല.

(സി) ബാധകമല്ല.

കൊച്ചിയിലെ കുടിവെള്ള പ്രശ്നം

64 [1894] *പ്രൊഫ. കെ. വി. തോമസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരത്തിലെയും തൊട്ടടുത്ത പ്രദേശങ്ങളിലെയും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതുമായി ബന്ധപ്പെട്ട് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിക്കുമോ?

ഉത്തരം

(എ) കൊച്ചി നഗരത്തിലെ ശുദ്ധജല വിതരണം മെച്ചപ്പെടുത്തുന്നതിനായി മൂവാറ്റുപുഴ-പാഴൂരിൽ നിന്നും ജലം നെട്ടൂരിൽ എത്തിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനുള്ള 100 എം.എൽ.ഡി. വിതരണശേഷിയുള്ള ഒരു പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. കൂടാതെ തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും സമീപ പഞ്ചായത്തുകളായ മരട്, കുമ്പളം, തിരുവാങ്കുളം, ചോറ്റാനിക്കര എന്നിവിടങ്ങളിലേക്കും വേണ്ടിയുള്ള ശുദ്ധജലവിതരണ പദ്ധതിയുടെ പ്രാരംഭനടപടികൾ സ്വീകരിച്ചിട്ടുണ്ട്. പശ്ചിമ കൊച്ചിയിലെയും തൊട്ടടുത്ത പ്രദേശങ്ങളിലെയും കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന കൊച്ചി ഇടക്കാല ശുദ്ധജല വിതരണ വിപുലീകരണ പദ്ധതി, ചൊവ്വര പദ്ധതി, ഡി.എഫ്.ഐ.ഡി. പദ്ധതി എന്നിവ പൂർത്തീകരിക്കുന്നതോടെ ശുദ്ധജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നതാണ്.

(ബി) സമയബന്ധിതമായി പൂർത്തീകരിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly